Philadelphia REVIVAL CHURCH
HIS FULNESS
HIS FAITH
HIS COVENANT

ജൂലൈ 2018

# റിവൈവൽ വോയ്സ്

റിവൈവൽ ചർച്ച് പ്രസിദ്ധീകരണം



പാസ്റ്ററുടെ സന്ദേശം

...............

വചന പഠനം:

സീയോൻ

...............

വിശ്വാസ വീരന്മാർ - വില്യം കേറി

...............

ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല. മത്തായി 16:18

Private Circulation Only

www.prconline.org



# പാസ്റ്ററുടെ സന്ദേശം

വേനൽക്കാലം എത്തിക്കഴിഞ്ഞു. അധഃപതിച്ച ലോകത്തിലെ മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ഒരു പദ്ധതിതന്നെയാണ് കാലാവസ്ഥയിലെ വ്യതിയാനങ്ങൾ, അതിനായും ദൈവത്തെ സ്തുതിക്കുന്നു.

വീണുപോയ അവസ്ഥയിൽ പോലും മനുഷ്യനു ദൈവസാനിദ്ധ്യം അനുഭവിക്കാൻ സാധിക്കുന്നു[അപ്പൊ.പ്രവർത്തികൾ 17] അത്രയും വിശിഷ്ടമായതാണ് ദൈവ ത്തിന്റെ പദ്ധതി. വേനലോ, ശൈത്യമോ തുടങ്ങി ഏതെങ്കിലുമൊരു കാലാവസ്ഥ മാത്രം തുടർന്നുകൊണ്ടിരുന്നാൽ അത് ദുഃസ്സഹമായ ഒരു അവസ്ഥയായി മാറുമായിരുന്നു.

എന്നാൽ ദൈവകല്പിതമായ പ്രകൃതിയിൽ ദൈവമഹത്വം കാണ്മാൻ കഴിയുന്ന അളവിൽ കാലാവസ്ഥകൾ നൽകിയ ദൈവത്തെ സ്തുതിക്കുന്നു. അധഃപതിച്ച അവസ്ഥയിൽ നന്മ കാണുന്നുവെങ്കിൽ യാഥാർത്ഥ്യമായത് എത്ര മഹത്വകരമായിരിക്കും.

സമയത്തും അസമയത്തും ഒരുങ്ങി നില്പാൻ പൗലോസ് അപ്പോസ്തോലൻ തിമോത്തിയോസിനോട് പറയുന്നതിൽ നിന്നും കർത്താവായ യേശുവിന്റെ ആത്മീയ ലോകത്തും കാലങ്ങളും സമയങ്ങളും ഉള്ളതായി കാണാം. എന്നാൽ നാം സാധാരണയായി ചിന്തിക്കുന്ന കാലങ്ങൾ അല്ല എന്നു മാത്രം.ചില സൂചനകളാൽ അത് മനസിലാക്കാം.

ആത്മീയമായി വളരുന്നതിനും, ക്രിസ്തുവിനെ അറിയുന്നതിനും, അടുത്തറിയുന്നതിനും, വിതക്കുന്നതിനും, തീരുമാനങ്ങൾ എടുത്തു അതിൽ നിലനിൽക്കുന്നതിനും ചില സമയങ്ങൾ കാണുന്നു. ദൈവപ്രവൃത്തിയുടെ കാലങ്ങളും സമയങ്ങളുമാണ് ഇവിടെ പ്രകടമാകുന്നത്. ഇതെല്ലാം ആത്മീകവും ആത്മീക അർത്ഥം ഉൾക്കൊള്ളുന്നതുമത്രെ.

നാം എപ്പോഴും ദൈവത്തിന്റെ സമയങ്ങളിലാകട്ടെ എന്നായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന.

ആശംസകളോടെ,

ഷിജു നൈനാൻ
പാസ്റ്റർ, ഫിലാഡൽഫിയ റിവൈവൽ ചർച്ച്

# വചന പഠനം: സീയോൻ

(മുൻ ലക്കത്തിൽ നിന്നും തുടർച്ച)

കഴിഞ്ഞകാല പഠനങ്ങളിൽ നിന്നും പുതിയ മനുഷ്യനെക്കുറിച്ചുള്ള വ്യക്തമായ ഒരു കാഴ്ചപ്പാടിൽ നാം എത്തിയിരിക്കുകയാണല്ലോ. ലോകത്തിലുള്ളവനെക്കാൾ വലിയവൻ, പുതിയ സൃഷ്ടി, മറഞ്ഞിരിക്കുന്ന മനുഷ്യൻ, അകത്തെ മനുഷ്യൻ തുടങ്ങിയ നാമങ്ങളിലും നമ്മുടെ പുതിയമനുഷ്യൻ അറിയപ്പെടുന്നു എന്ന് ഓർപ്പിക്കുന്നു. ഒന്നിലധികം തവണ സീയോൻ എന്ന പദത്തിലും അനുബന്ധ സാഹചര്യങ്ങളിലും നമ്മുടെ പുതിയ മനുഷ്യൻ വെളിപ്പെടുന്നത് കാണുവാൻ നമുക്ക് സാധിക്കും.

*സങ്കീർത്തനങ്ങൾ 9 :11 സീയോനിൽ വസിക്കുന്ന യഹോവെക്കു സ്തോത്രം പാടുവിൻ; അവന്റെ പ്രവൃത്തികളെ ജാതികളുടെ ഇടയിൽ ഘോഷിപ്പിൻ.*

ഈ വാക്യത്തിൽ 'വസിക്കുന്നവൻ' എന്ന വാക്ക് ശ്രദ്ധിക്കുക, സീയോനിൽ വസിക്കുന്നവർ സ്തുതിച്ചിടട്ടെ എന്ന പ്രബോധനം ശ്രദ്ധിക്കുമ്പോൾ പ്രസ്തുത പ്രബോധനം പുതിയനിയമത്തിലും പ്രതിഫലിക്കുന്നത് കാണാവുന്നതാണ്. നാം ആത്മാവിൽ ജീവിക്കുന്നതിനും നടക്കുന്നതിനുമുള്ള പ്രബോധനങ്ങളത്രെയത്.
(ഗലാത്യർ 5:16, 5:25 വാക്യങ്ങൾ ശ്രദ്ധിക്കുക).

ദൈവത്തിന്റെ ആത്മാവ് നമ്മിൽ വസിക്കേണ്ടതിനു വേണ്ടിയത്രേ ഉൾമനുഷ്യനെ നമുക്ക് ദൈവം നൽകിയിരിക്കുന്നത്. ഇതിനോടുള്ള ബന്ധത്തിൽ അപ്പോസ്തോലനായ പൗലോസ് റോമർക്കു എഴുതിയ ലേഖനത്തിൽ 'യേശുവിനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ ......' എന്ന് പറഞ്ഞത് ഓർക്കുക. ഇവിടെ ആത്മാവ് എന്നു സൂചിപ്പിക്കുന്നത് ദൈവത്തിന്റെ സ്വഭാവത്തെയാണ് അഥവാ ദിവ്യസ്വഭാവത്തെയാണ്.

ദൈവത്തിന്റെ ദിവ്യസ്വഭാവം നമ്മിൽ വസിക്കേണ്ടതുണ്ടെങ്കിൽ തക്കതായ അടിസ്ഥാനം ദൈവം തന്നെയിട്ടേ മതിയാകയുള്ളു. ഈ തക്കതായ അടിസ്ഥാനമത്രെ പുതിയ മനുഷ്യൻ; നമ്മിലതു സ്ഥാപിക്കപ്പെടുന്നതോ ദൈവത്തിന്റെ പരിശുദ്ധത്മാവിനാലുള്ള വചനത്തിനാൽ തന്നെ. നമുക്കായി നമ്മുടെ ഉള്ളിലുയർത്തിയ ഈ ആത്മീയ സീയോനിൽ അഥവാ പുതിയ മനുഷ്യനിൽ നമുക്ക് വസിക്കാം. ഇവിടെയുള്ള വാസമാണ് ദൈവപ്രവൃത്തി പ്രഖ്യാപിക്കുവാൻ നമ്മെ അധികം പ്രാപ്തരാക്കുന്നത്. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ, അവന്റെ വിശ്വാസത്താൽ നാമതു ചെയ്യുമെന്നു നമുക്ക് ഉറപ്പിക്കാം.

ആത്മാവിൽ ജീവിക്കുവാൻ ആവശ്യമായ ഏഴു ലളിത കാര്യങ്ങൾ ഇവിടെ കുറിക്കുന്നു.

1 . നമുക്ക് ലഭിച്ച പുതിയ മനഃസാക്ഷിയെ മാനിക്കണം. 1 പത്രൊസ് 3 : 21

2 . നാം ആത്മീയ മണ്ഡലത്തിൽ എപ്പോഴും നേരുള്ളവരായിരിക്കണം. അനുസരണവും ക്ഷമയും പ്രത്യേകാൽ മറ്റുള്ളവരുടെ കുറവുകളിൽ സഹിക്കുകയും പൊറുക്കുകയും ചെയ്യുന്ന അവസ്ഥ ആത്മീയ പ്രമാണങ്ങളത്രെ. എപ്പോഴും നാമത് നിലനിർത്തേണ്ടത് ആവശ്യമുണ്ട്.

3 . കർത്താവിന്റെ സ്വഭാവത്തിൽ നാമെന്നും ആയിരിക്കണം. തന്റെ ദിവ്യസ്വഭാവം നമ്മിൽ വെളിപ്പെടേണ്ടതിനു ആവശ്യമായ ശക്തി എപ്പോഴും ഉണ്ടാകേണമേയെന്ന പ്രാർത്ഥന നമ്മിൽ നിന്ന് ഉയരണം.

4 . നാം കൊടുക്കുന്നവരായിരിക്കണം. പണം മാത്രമല്ല, സമയവും കഴിവും നമ്മെത്തന്നേയും നാം കൊടുക്കുന്നവരായിരിക്കണം. നമുക്കുള്ളതെല്ലാം ദൈവത്തിന്റേതാണെന്ന ബോധത്തോടുകൂടിയും നാം അവന്റെ കാര്യങ്ങളുടെ സൂക്ഷിപ്പുകാർ എന്ന നിലവാരത്തിൽ നമ്മെ നിർത്തിയിരിക്കുകയാണെന്ന ബോധ്യത്തിലും നിന്നുകൊണ്ട്, അങ്ങേയ്ക്കു ഇഷ്ടമുള്ളത് എന്റെ ജീവിതത്തിൽ നിന്നും എടുത്തുകൊള്ളേണമേ എന്ന് പ്രാർത്ഥിക്കുന്നവരും ആയിരിക്കണം.

5 . ആത്മീയ മണ്ഡലത്തിൽ സമാനമനസ്കരുമായി കൂട്ടായ്മ ആചരിക്കുക. മാത്രമല്ല, നാം ക്രിസ്തുവിൽ പക്വതയുള്ളവരാകേണ്ടതിനു നമ്മെക്കാൾ ക്രിസ്തുവിനെ നേരിട്ട് അറിഞ്ഞവരുമായി കൂട്ടായ്മ ബന്ധം സ്ഥാപിക്കാൻ ശ്രമിക്കുക.

6 . പരിശുദ്ധാത്മാവിന്റെ സഹായത്താൽ നമ്മുടെ ആത്മാവിൽ പ്രാർത്ഥിക്കുക.

7 . മനഃപൂർവ്വമായും വ്യക്തമായും കൃത്യമായും സ്തോത്രം ചെയ്യുക.

പുതിയ സീയോൻ നമ്മിൽ വസിക്കുന്നതിനും വെളിപ്പെടുന്നതിനും കർത്താവു നമ്മെ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു..

# വിശ്വാസ വീരന്മാർ - വില്യം കേറി

(മുൻ ലക്കത്തിൽ നിന്നും തുടർച്ച)

## വില്ല്യം കേറിയുടെ അന്ത്യദിനങ്ങൾ

കേറിയുടെ വിൽപത്രവും സാക്ഷ്യവും ഇപ്രകാരം തുടങ്ങുന്നു, "സെറാംപൂരിലെ മിഷൻ പ്രവർത്തനത്തിന് അനുകൂലമായി ഞാനെന്റെ എല്ലാ അവകാശങ്ങളും പദവികളും പൂർണ്ണമായി നൽകുന്നു. ഇതിനാൽ എനിക്ക് യാതൊരുവിധ അവകാശമോ പദവിയോ ഉണ്ടായിരുന്നില്ല എന്നു ഞാൻ പ്രഖ്യാപിക്കുന്നു." അദ്ദേഹത്തിന്റെ മക്കൾക്ക് അദ്ദേഹത്തിന്റെ യാതൊരു സമ്പത്തും നൽകിയിരുന്നില്ല. ഫെലിക്സിനും വില്ല്യമിനും തന്റെ ജീവിതകാലത്തു 1500 രൂപ നൽകിയിരുന്നു. ജാബേസിനുവേണ്ടിയുള്ള തുക അദ്ദേഹം കരുതിയത് ഇപ്രകാരമാണ്, "നീക്കിയിരുപ്പു തുക ഒന്നും ഇല്ലാത്തതിനാൽ, എന്റെ ഉദ്ദേശം നിറവേറുവാൻ എന്റെ വായനശാല വില്ക്കുവാൻ ഞാൻ നിർദ്ദേശിക്കുന്നു".

എന്നിരുന്നാലും തന്റെ മക്കൾക്കായി അദ്ദേഹം നിത്യമായ സമ്പത്തു കരുതി. അദ്ദേഹത്തിന്റെ മക്കൾ പിതാവിനെപ്പോലെ താൽക്കാലിക സമ്പത്തിൽ ആശ്രയിക്കാതെ, "പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാത്തതുമായ" നിത്യമായ സമ്പത്തിലേക്കു കണ്ണുകൾ ഉയർത്തി.

തന്റെ മക്കളെ പരിപാലിക്കുവാൻ കേറിക്കു ഒരിക്കലും സമയം ലഭിച്ചിരുന്നില്ല, എങ്കിലും കേറി എപ്പോഴും യേശുവിങ്കലേക്കു നോക്കുന്നത് അദ്ദേഹത്തിന്റെ മക്കൾ ശ്രദ്ധിച്ചിരുന്നതിനാൽ അവരും അപ്രകാരം തന്നെ പഠിക്കയും ചെയ്തു.

ഫെലിക്സ്, വില്യം, ജാബേസ് മൂവരും മിഷനറിമാരായി തീർന്നു. ഫെലിക്സ് കേറി ഒരു മെഡിക്കൽ മിഷനറിയായിരുന്നു.

കേറിയുടെ മരണത്തിനു അല്പം മുൻപ്; ലോകത്തിന്റെ തന്നെ മുഖഛായ മാറ്റിയ ആ വ്യക്തിയെ കാണുവാൻ ഇരുപത്തിനാലു വയസ്സുകാരനായ അലക്സാണ്ടർ ഡഫ് ഇന്ത്യയിലെത്തി. തന്റെ വാസസ്ഥലത്തെത്തിയ അലക്സാണ്ടറെ കേറി നീട്ടിയ കരങ്ങളോടെ സ്വീകരിച്ചു; അനുഗ്രഹിച്ചു. യുവാവായ ഈ സ്കോട്ട്ലൻഡുകാരൻ

ഇന്ത്യയുടെ സുവിശേഷികരണത്തിനും, വിമോചനത്തിനുമായി തന്റെ ജീവിതം സമർപ്പിച്ചത് കണ്ടു ജീവിതാന്ത്യത്തോടടുത്ത കേറി അതിയായി സന്തോഷിച്ചു. ഈ ഒരനുഭവം അവരെ പരസ്പരം ആഴമായ സ്നേഹബന്ധത്തിലേക്കു നയിച്ചു.

താമസിയാതെ മരണാസന്നനായ കേറി, തന്നെ കാണാനെത്തിയ ഡഫിനെ കണ്ടു അതിയായി സന്തോഷിച്ചു. തനിക്കു കേറിയോടുള്ള സ്നേഹവും മതിപ്പും അദ്ദേഹം അറിയിച്ചു. മരണത്തെ നേരിട്ടുകൊണ്ട് കേറി ഇപ്രകാരം പറഞ്ഞു, "മിസ്റ്റർ ഡഫ്, താങ്കൾ ഡോ. കേറി, ഡോ. കേറി, ഡോ. കേറി എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു, ഞാൻ പോയിക്കഴിഞ്ഞാൽ ഒന്നും തന്നെ ഡോ. കേറിയെക്കുറിച്ചു പറയരുത്. ഡോ. കേറിയുടെ രക്ഷിതാവിനെക്കുറിച്ചു മാത്രം പറയുക".

1834 ജൂൺ 9 ന് രാവിലെ വിശുദ്ധനായ ഈ വയോധികൻ സ്വസ്ഥതയിലേക്കു പ്രവേശിച്ചു. അടുത്തദിവസം പ്രഭാതത്തിൽ സെമിത്തേരിയിലേക്കുള്ള യാത്രയിൽ, അന്തരീക്ഷത്തെ കൂടുതൽ മൂകമാക്കികൊണ്ടു കനത്ത മഴ പെയ്തുകൊണ്ടിരുന്നു. ഡെൻമാർക്കിലെ ഗവർണറും, പത്നിയും കൗൺസിൽ അംഗങ്ങളും ആ ശവസംസ്കാര ഘോഷയാത്രയിൽ പങ്കുചേർന്നു. ദേശീയപതാക ബഹുമാനാർത്ഥം പകുതി ഉയരത്തിലേക്ക് താഴ്ത്തി, ഒരു ഗവർണറുടെ മരണസമയത്തു കൊടുക്കുന്ന ബഹുമതിപോലെ ! തങ്ങളുടെ ഒരു ആത്മാർത്ഥ സുഹൃത്തിനെ നഷ്ടപ്പെട്ട ദുഃഖത്തോടെ അനേക ഹിന്ദുക്കളും മുഹമ്മദിയരും നിരത്തിൽ നിരന്നു നിന്നിരുന്നു. സെമിത്തേരിയിലെ തുറന്ന കല്ലറക്കു സമീപം എത്തിയപ്പോൾ സൂര്യപ്രകാശം പൊട്ടിപ്പുറപ്പെട്ടു. ഉയിർപ്പിന്റെ ഒരു ഗാനാലാപത്തോടെ ആ ഭൗതിക ശരീരം സംസ്കരിക്കപ്പെട്ടു.

ഇഹലോക സമ്പത്തൊന്നും സ്വന്തമായില്ലായിരുന്ന ഡോ. കേറി ഭാരതത്തിലെ സുവിശേഷീകരണത്തിനും സാംസ്ക്കാരിക ഉന്നമനത്തിനുമായി 46,000 രൂപ സംഭാവന ചെയ്തിരുന്നു. മറ്റു മൂന്നു മിഷനറി കുടുംബങ്ങൾ 90,000 രൂപ ഔദാര്യമായി സംഭാവന ചെയ്യുകയുണ്ടായി. കേറിയുടെ വേദപുസ്തക ശേഖരങ്ങളോടൊപ്പം, തന്റെ വിലയേറിയ കാഴ്ചബംഗ്ലാവും കലാലയവും ഇഷ്ടദാനം ചെയ്തിരുന്നു.

തന്റെ സ്മാരകമായി ചെയ്യുവാൻ അദ്ദേഹം നിർദ്ദേശിച്ചത് ഇത്രമാത്രമാണ്, തന്റെ രണ്ടാം ഭാര്യയുടെ കല്ലറയുടെ ശിലയിൽ ഇപ്രകാരം എഴുതിച്ചേർക്കുക.

ജനനം: ആഗസ്റ്റ് 17, 1761
മരണം: ജൂൺ 9, 1834

“അരിഷ്ടനും, സാധുവും നിസ്സഹായനുമായ പുഴു, നിന്റെ കാരുണ്യമാർന്ന കരങ്ങളിലേക്ക് വീഴുന്നു.”

(അവസാനിച്ചു)

## Recipe Corner

**Peanut Butter Cookies** **Shared by: Sis. Leela George**

**Ingredients:**

| | |
|---|---|
| 2 Cups – All Purpose Flour | 1 ½ tsp - Baking Powder |
| ½ tsp – Baking Soda | ¾ Cup – Butter |
| ½ Cup – White Sugar | ¾ Cup – Peanut Butter |
| 1 – Large Egg | 1 tsp – Vanilla |

**Directions:** First mix all dry ingredients, then mix the all wet ingredients. Combine both and mix well. Chill this for one hour in refrigerator. Preheat the oven at $350^0$ F. Make balls of about 1" size and Place 2 inches apart onto a cookie sheets for baking and flatten balls in criss-cross pattern using a fork. Bake it for 10mts/till the edges gets brown. You can store the cookies for several days. Freeze it for longer time.

## Upcoming Events ....

- **3 Day Fasting Prayer on July 6, 7 & 8.**
- **Church Camp at Tel-Hai Camp & Retreat Center on August 24, 25 & 26, 2018.**

## Event Schedule

**Sunday Service**
09:30 AM - 11:00 AM : Malayalam Worship
11:30 AM - 1:00 PM : English Worship
1:10 PM – 2:00 PM : Urdu Worship

10:00 AM - 11:15 AM : Sunday School

**Special Worship(In Church):** Friday 7:00 PM - 9:00 PM
**Youth Meetings:** Friday 7:00 PM - 9:00 PM
**Bible Study(In Homes):**
Wednesday : 10:30 AM - 12:30 PM & 6:30 PM - 8:30 PM
**Cell Meetings:**
Northeast Philadelphia: Saturday & Sunday 6:30 PM - 8:30 PM

For more details please call us at 215-673-4967

# Cross Word Puzzle

**Bible Text : Psalms 91 (KJV)**

Steps

1. Fill in the missing words in the following Bible verses. (Use KJV Bible version.)
2. Solve the cross word puzzle using the filled in words.

**Fill in the Blanks:**

1. With long life will I satisfy him, and show him my ________. (Psalms 91:16)

2. He shall call upon me, and I will answer him: I will be with him in ________; I will deliver him, and honour him.( Psalms 91:15)

3. Only with thine eyes shalt thou ________ and see the reward of the wicked.( Psalms 91:8)

4. Thou shalt not be ________ for the terror by night; nor for the arrow that flieth by day; ( Psalms 91:5)

5. Because he hath set his love upon me, therefore will I ________him: I will set him on high, because he hath known my name.( Psalms 91:14)

6. Thou shalt tread upon the lion and adder: the young lion and the dragon shalt thou ________ under feet.( Psalms 91:13)

7. They shall bear thee up in their hands, lest thou dash thy foot ________ a stone.( Psalms 91:12)

8. Nor for the pestilence that walketh in darkness; nor for the ________ that wasteth at noonday. ( Psalms 91:6)

9. He that ________ in the secret place of the most High shall abide under the shadow of the Almighty.( Psalms 91:1)

10. There shall no evil befall thee, neither shall any plague come nigh thy ________.( Psalms 91:10)

11. A ________ shall fall at thy side, and ten thousand at thy right hand; but it shall not come nigh thee.( Psalms 91:7)

12. For he shall give his ________ charge over thee, to keep thee in all thy ways.( Psalms 91:11)

**Solve the cross word puzzle:**







A thousand shall fall at thy side, and ten thousand at thy right hand; but it shall not come nigh thee. – PSALM 91:7 KJV